(ഡി) അവരവരുടെ റേഷൻ കടകളിലൂടെ അപേക്ഷ സ്വീകരിക്കുന്നതാണ് ഗുണഭോക്താക്കൾക്ക് സൗകര്യം, അതിനാലാണ് എ.ആർ.ഡി.-കൾവഴി വിതരണം നടത്തിയത്. അക്ഷയ കേന്ദ്രങ്ങളേക്കാൾ അവരുടെ കടകളിൽനിന്ന് അപേക്ഷ വാങ്ങുന്നതാണ് ജനങ്ങൾക്ക് സൗകര്യം.

(ഇ) പുതിയ കാർഡുകൾ 31-3-2016 മുതൽ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള കാർഡിൽ എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്.

അവശ്യസാധന വിലവർദ്ധനവ്

211(3095) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവശ്യസാധന വില വർദ്ധനവ് തടയുന്നതിനായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി എന്ന് അറിയിയ്ക്കാമോ ;

(ബി) ഇതിനായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട് ; പ്രസ്തുത ഇനത്തിൽ ഓരോ വർഷവും എത്ര തുകയാണ് കടിശ്ശികയായിരിക്കുന്നത് ; വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റിൽ വകയിരുത്തുന്നതും വിനിയോഗിക്കുന്നതും തമ്മിലുള്ള അന്തരം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തെ ഏത് തരത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവശ്യസാധന വിലവർദ്ധന തടയുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	ബജറ്റിൽ വകയിരുത്തിയ തുക (കോടിയിൽ)
2011-12	50
2012-13	50
2013-14	60
2014-15	65
2015-16	65

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	സർക്കാർ നൽകിയതുക (കോടിയിൽ)	കോർപ്പറേഷനു ചെലവായതുക (കോടിയിൽ)	കോർപ്പറേഷനു ലഭിക്കുവാനുള്ള കുടിശ്ശിക (കോടിയിൽ)
2011-12	118.35	164.96	46.61
2012-13	135	288.55	153.55
2013-14	116.02	320.79	204.77
2014-15	70	257.78	187.78
2015-16 (സെപ്തംബർ വരെ)	64	110.23	46.23

(സി) പരിശോധിക്കുന്നതാണ്.

നിത്യോപയോഗ സാധനങ്ങൾ റേഷൻകടകൾവഴി വിതരണം

212(3096) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതിനാൽ അവ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾവഴി ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിത്യോപയോഗ സാധനങ്ങളായ അരി, ഗോതമ്പ്, പഞ്ചസാര, ആട്ട, മണ്ണെണ്ണ എന്നിവ സബ്സിഡി നിരക്കിൽ റേഷൻ കടകൾവഴി നല്കി വരുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് 25 കിലോഗ്രാം അരി 1 രൂപ നിരക്കിലും 7 കിലോഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നല്കി വരുന്നു. സംസ്ഥാനത്ത് 14.63 ലക്ഷത്തോളം ബി.പി.എൽ. കാർഡുകൾ നിലവിലുണ്ട്. എ.പി.എൽ. കാർഡുകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 9 കിലോഗ്രാം അരിയും

LIBRARY ARCHIVES Kerala Legislative Assembly